പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7526 14.7.2014 ൽ മറുപടിയ്ക്ക്

റീജിയണൽ സെന്റർ ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ് ആന്റ് റിസർച്ച്

ചോദ്യം മറുപടി

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

ശ്രീ.പി.സി.വിഷ്ണുനാഥ്

ശ്രീ.സണ്ണി ജോസഫ്

ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) റീജിയണൽ സെന്റർ ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ് ആന്റ് റിസർച്ച് എന്ന സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട കല്ലേറ്റുംകരയിൽ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) സെറിബ്രൽ പാൾസി നിമിത്തം വൈകല്യം നേരിടുന്ന വ്യക്തികൾക്കും അതുമായി ബന്ധപ്പെട്ട് മറ്റ് ശാരീരിക വൈകല്യം ഉള്ള വ്യക്തികൾക്കും ആവശ്യമായ ക്ലിനിക്കൽ സപ്പോർട്ടും പുനരധിവാസവും നടപ്പാക്കുക എന്നതാണ് പ്രധാന ഉദ്ദേശ ലക്ഷ്യം |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) എൻ.കെ.മാത്യു ചാരിറ്റബിൾ ട്രസ്റ്റ്, ഇരിഞ്ഞാലക്കുടയാണ് സർക്കാരിന് ഭൂമിയും കെട്ടിടവും സൗജന്യമായി നൽകിയത്. നിലവിൽ സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാമിഷൻ, നിഷ് എന്നീ സർക്കാർ യൂണിറ്റുകളാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ എന്ന സ്ഥാപനത്തെ സ്പാസ്റ്റിക്ക് ഡിസ്ഓർഡർ ബാധിച്ചവരുടെ ക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന ദേശീയ നിലവാരമുള്ള ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആക്കി മാറ്റുന്നതിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, സ്റ്റേറ്റ് ലെവൽ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുക, ആവശ്യമായ ഭരണ നിർവ്വഹണ സംവിധാനം ഏർപ്പെടുത്തുക, സ്വയംഭരണ അധികാരത്തോടുകൂടി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടനുസരിച്ച് സ്ഥാപനത്തെ രജിസ്റ്റർ ചെയ്യുക എന്നിവയ്ക്ക് ആവശ്യമായ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ